# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2329 05.02.2018- ൽ മറുപടിക്ക്

## ചേലക്കര മണ്ഡലത്തിലെ വ്യവസായിക പിന്നോക്കാവസ്ഥ

ചോദ്യം

ശ്രീ. യു. ആർ. പ്രദീപ്

ഉത്തരം

ശ്രീ. എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ചേലക്കര നിയോജക മണ്ഡലത്തിൽ എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ചേലക്കര നിയോജക മണ്ഡലത്തിൽ 83 ചെറുകിട വ്യവസായ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ചേലക്കര നിയോജക മണ്ഡലപരിധി പ്രദേശത്തെ വ്യാവസായിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ? | (ബി) | ചേലക്കര നിയോജകമണ്ഡലത്തിലെ വരവൂർ വില്ലേജിൽ 8.5 ഏക്കർ ഭൂമി പശ്ചാത്തല സൗകര്യമൊരുക്കി പ്ലോട്ടായിട്ടും സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ആയിട്ടും പ്രകൃതി സൗഹൃദ വ്യവസായങ്ങൾക്ക് നല്കുന്നതിനു വേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കിൻഫ്ര യുടെ നേതൃത്വത്തിൽ ദേശമംഗലം പഞ്ചായത്തിൽ വ്യവസായ പാർക്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചെറുകിട വ്യവസായ സംരഭകർക്ക് സാമ്പത്തിക സഹായം നൽകുന്നതിന് സംസ്ഥാനത്താകമാനം നടപ്പിലാക്കുന്ന സംരഭകത്വ സഹായ പദ്ധതിയും നടപ്പിലാക്കി വരുന്നു. നാനോ യൂണിറ്റുകൾ തുടങ്ങുന്നത് പ്രോത്സാഹിപ്പിക്കുവാൻ സൂക്ഷ്മ ഗാർഹിക വ്യവസായ സംരംഭങ്ങൾക്ക് പലിശ ഇളവ് നൽകുന്ന പുതിയ പദ്ധതി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ